## (49.) മേക്കൊഴൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മാർ ഈവാനിയോസ് തിരുമേനി സാർവ്വത്രിക സഭയുമായി പുനരൈക്യപ്പെടാനുള്ള ആരംഭം കുറിച്ചത് പത്തനംതിട്ട ജില്ലയിലെ പെരുന്നാട്ടിൽ നിന്നാണ്. അനേകം പ്രതിസന്ധികൾക്കിടയിൽ 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ പ്രസ്ഥാനത്തിന് നേതൃത്വം നല്കി. 1930 സെപ്റ്റംബർ 20-ന് കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയുടെ സന്നിധിയിലെത്തി സത്യ സഭയുടെ ഭാഗമായി മാറി. 11-ാം പിയൂസ് മാർപാപ്പാ 1932 ജൂൺ 11-ാം തീയതി ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി എന്ന തിരുവെഴുത്ത് വഴി മലങ്കര ഹൈരാർക്കി ഔദ്യോഗികമായി സ്ഥാപിച്ചതോടു കൂടെ മലങ്കര കത്തോലിക്കാ സഭ അഭിവൃദ്ധി പ്രാപിക്കുവാൻ തുടങ്ങി. കേവലം 5 പേരാൽ ആരംഭിച്ച സഭ ഇന്ന് ലക്ഷക്കണക്കിന് വിശ്വാസികളുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വളർന്നു കഴിഞ്ഞു. 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർ ഈവാനിയോസ് സ്ഥാനമേറ്റു. അദ്ദേഹത്തിന്റെ കാലത്ത് ധാരാളം ആരാധനാലയങ്ങളും സ്കൂളുകളും മാർ ഈവാനിയോസ് കോളേജും സ്ഥാപിച്ചു.

സുദീർഘമായ ചരിത്ര പാരമ്പര്യമുള്ള മനോഹരമായ പ്രദേശമാണ് മേക്കൊഴൂർ. പത്തനംതിട്ട ജില്ല ആസ്ഥാനത്തു നിന്നും ഏതാണ്ട് 6 കിലോ മീറ്റർ വടക്കായി സ്ഥിതിചെയ്യുന്ന ഈ ഗ്രാമം ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങൾ ഏകയോഗ ക്ഷേമമായി പുലർന്നു പോരുന്നു. ഈ പ്രദേശം സമുദായ മൈത്രിയ്ക്ക് മഹനീയ മാതൃകയായി നിലകൊള്ളുന്നു.

മേക്കൊഴുരിനും പരിസര പ്രദേശങ്ങൾക്കും സാംസ്ക്കാരിക പൈതൃകം അവകാശപ്പെടുന്ന എം.എസ്.സി.എൽ.പി.സ്കൂളിന്റെ (ഇന്നത്തെ എം.ഡി.എൽ.പി.എസ്) സ്ഥാപനമാണ്. ഇവിടെ കത്തോലിക്കാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വം അംഗീകരിച്ച ഈ സ്കൂളിലെ ചില അദ്ധ്യാപകരും സ്ഥലവാസികളായ ഏതാനും ആളുകളും ചേർന്ന് ഇവിടെ ഒരു കത്തോലിക്കാ ഇടവകയ്ക്ക് രൂപം നല്കി. ഇടവകാംഗങ്ങളുടെ തീവ്രമായ അഭിലാഷത്തിന്റെ ഫലമായി ഒരു പള്ളിയും സെമിത്തേരിയും സ്ഥാപിക്കുവാനായി മേക്കൊഴുരിന്റെ ഹൃദയഭാഗത്ത് 1933-ൽ കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവർഗീസ് അച്ചൻ, മുരുപ്പേൽ നാരായണൻ, വാഴയിൽ നാരായണ കുറുപ്പ് എന്നിവരിൽ നിന്ന് രണ്ടേക്കർ 20 സെന്റ് സ്ഥലവും വെള്ളോലിക്കൽ കാട്ടുകല്ലിൽ പരമു കുറുപ്പ്, മരുതിക്കൽ കുഞ്ഞേപ്പ് എന്നിവരിൽ നിന്ന് ഒരേക്കർ നാല്പത്തിയൊന്ന് സെന്റ് സ്ഥലവും സമ്പാദിക്കുകയുണ്ടായി. പുത്തൻപുരയ്ക്കൽ ഗീവർഗീസ് അച്ചന്റെ നേതൃത്വവും അധ്യാപകരായിരുന്ന കെ.എം.മത്തായി, ഇ.എം.ഈശോ മുതലായവരുടെ പരിശ്രമവും ഒന്നു ചേർന്നപ്പോൾ 1933 ഓഗസ്റ്റ് 15-ാം തീയതി ആരാധനയ്ക്കായി ഒരു ചാപ്പൽ മാർ ഈവാനിയോസ് പിതാവിനാൽ കൂദാശ ചെയ്യപ്പെട്ടു. പിൽക്കാലത്ത് ഈ ചാപ്പലിൽ എം.ഡി.എൽ.പി.സ്കൂളിന്റെ സ്ഥലപരിമിതി മൂലം രണ്ട് നേഴ്സറി ക്ലാസ്സുകൾ ആരംഭിച്ചു. ഒരു തയ്യൽ പരിശീലനം കേന്ദ്രവും ഇവിടെ പ്രവർത്തിച്ചിരുന്നു.

1984-ൽ കൂദാശ ചെയ്ത ദൈവാലയത്തിന്റെ നിർമ്മാണ സമയത്ത് സാമ്പത്തിക ബുദ്ധിമുട്ട് മൂലം വെള്ളോലിക്കലിൽ ഉണ്ടായിരുന്ന വസ്തു വിറ്റു. 2008-ൽ തോമസ് മരോട്ടിമൂട്ടിൽ അച്ചന്റെ കാലയളവിൽ നമ്മുടെ ഇടവകാംഗമായ കളീയ്ക്കൽ ശ്രീമാൻ ബാബു കെ.ചെറിയാൻ ഒരു സെന്റ് സ്ഥലം 04.09.2008-ൽ ദാനയാധാരമായി ഇടവകയ്ക്ക് എഴുതി തന്നു. അതിൽ മനോഹരവും അനുഗ്രഹപ്രദവുമായ ഒരു ഗ്രോട്ടോ നിർമ്മിച്ച് ദൈവാലയത്തിന് നല്കി. 2008 സെപ്റ്റംബർ 6-ന് തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൾ സാമുവേൽ കാട്ടുകല്ലിൽ അച്ചൻ കല്ലിടീൽ കർമ്മം നിർവഹിച്ചു. 2008 ഡിസംബർ 06-ന് കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാബാവാ ഗ്രോട്ടോ കൂദാശ ചെയ്തു.

2012-13 കാലയളവിൽ സിജോ ജയിംസ് അച്ചന്റെ നേതൃത്വത്തിൽ പള്ളിയോടു ചേർന്ന് കിടന്ന 10 സെന്റ് സ്ഥലം ശ്രീമാൻ ജോൺ പി.ചാക്കോ പഴമണ്ണിൽ, കുമാര സദനത്തിൽ ശ്രീ.എം.എൻ.രവീന്ദ്രൻ ഭാര്യ ശാന്തമ്മ

ഇവരിൽ നിന്നും 04.11.2012-ൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ പേരിൽ നമ്മുടെ ഇടവകയ്ക്ക് വേണ്ടി വാങ്ങിച്ചു. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ അച്ചന്റെ കാലയളവിൽ നമ്മുടെ ദൈവാലയത്തോട് ചേർന്ന് കിടന്ന 25 സെന്റ് സ്ഥലം കെ.വി.വർഗീസ് കളീയ്ക്കൽ വീട്ടിൽ മേക്കൊഴൂർ, ശങ്കരമംഗലത്ത് പാലമൂട്ടിൽ സാജൻ ഫിലിപ്പ് ഭാര്യ ശോഭ ഫിലിപ്പിൽ നിന്നും 2018-19 സാമ്പത്തിക വർഷം പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ പേരിൽ 25.09.2018-ൽ നമ്മുടെ ഇടവകയ്ക്കുവേണ്ടി വാങ്ങി. ഇടവകയുടെയതായ റോഡിനു താഴെ നമ്മുക്കുണ്ടായിരുന്ന 5 സെന്റ് വസ്തു ശ്രീ.സോമരാജൻ ചരിവുകാലായിലിന് 2018-19 സാമ്പത്തികവർഷം വിറ്റു.

**ആദ്യകാല ഇടവക കുടുംബാംഗങ്ങൾ**

1. ശ്രീ. കെ.വി.മത്തായി, കളീയ്ക്കൽ
2. ശ്രീ. തോമസ്, ആലുംമൂട്ടിൽ
3. ശ്രീ. യോഹന്നാൻ, മുളമൂട്ടിൽ
4. ശ്രീ. തോമസ്, കോട്ടെക്കാവനാൽ
5. ശ്രീ. ദാനിയേൽ, കുളത്തുങ്കൽ
6. ശ്രീ. കുഞ്ഞൂഞ്ഞ്, അമ്പാട്ടു പറമ്പിൽ
7. ശ്രീ. എം.വി.ഏബ്രഹാം, മാവേലിതുണ്ടിയിൽ
8. ശ്രീ. ജോർജ്ജ്, മാങ്കൂട്ടത്തിൽ (നെല്ലിവിളയിൽ)
9. ശ്രീ. യോഹന്നാൻ മത്തായി, കോട്ടെക്കാവനാൽ പടിഞ്ഞാറ്റിൻകര
10. ശ്രീ. മാത്യു തോമസ്, പഴമണ്ണിൽ എന്നിവരാണ്.

**1933 മുതൽ 2020 വരെ ഇടവകയ്ക്കുവേണ്ടി സേവനമനുഷ്ഠിച്ച വന്ദ്യ വൈദികർ**

1. കടമ്മനിട്ട അച്ചൻ (ഫാ.ഗീവർഗീസ് പുത്തൻപുരയ്ക്കൽ ദൈവാലയ സ്ഥാപനം മുതൽ 1951 വരെ)
2. മൈലപ്ര അച്ചൻ (ഫാ.എ.ജി.ഏബ്രഹാം തെങ്ങുംതറയിൽ (ആലുനില്ക്കുന്നതിൽ) 1951 - 1956)
3. ഫാ. തോമസ് പ്ലാവിളയിൽ - 1956-19584
4. ഫാ. ജോർജ്ജ്, തെക്കേടത്ത് - 1958-1959
5. ഫാ. ഗീവർഗീസ്, കുറ്റിയിൽ - 1959-1961
6. ഫാ. മാത്യു പൊന്മേലിൽ - 1961-1963
7. ഫാ. ഏബ്രഹാം, തെക്കേടത്ത് - 1963-1969
8. ഫാ. കുര്യൻ, ഇലഞ്ഞിമറ്റം - 1969-1978
9. ഫാ. മാത്യു, വാഴപ്പിള്ളേത്ത് - 1978-1985
10. ഫാ. ഫീലിപ്പോസ് തോമസ് - 1985-1987
11. ഫാ. തോമസ്, പൊന്മേലിൽ - 1987-1992
12. ഫാ. സഖറിയാസ്, നെടിയകാലായിൽ - 1992-1995

| | | |
|---|---|---|
| 13. ഫാ. മാത്യു, കാലായിൽ | - | 1996 - 1997 |
| 14. ഫാ. ജോസഫ്, പുത്തൻകളം | - | 1997 - 2001 |
| 15. ഫാ. മാത്യു, പൊന്മേലിൽ | - | 2001 - 2005 |
| 16. ഫാ. ജോൺ ജി.വടക്കേപ്പുറം | - | 2005 - 2007 |
| 17. ഫാ. മാത്യു, പുത്തൻപുരയ്ക്കൽ | - | 2007 - 2008 |
| 18. ഫാ. തോമസ്, മരോട്ടിമൂട്ടിൽ | - | 2008 - 2010 |
| 19. ഫാ. ജോർജ്ജ്, പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ | - | 2010 - 2011 |
| 20. ഫാ. സിജോ ജയിംസ്, ചരിവുപറമ്പിൽ | - | 2011 - 2013 |
| 21. ഫാ. വർഗീസ്, കൈതോൺ | - | 2014 - 2015 |
| 22. ഫാ. സാം ജോൺ, കുഴിപ്പാറ | - | 2015 - 2017 |
| 23. ഫാ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ | - | 2017 |

**ഈ ഇടവകയിൽ സേവനമനുഷ്ഠിച്ച താല്ക്കാലിക വികാരിമാരും സഹവികാരിമാരും**

1. ഫാ.ജോഷ്വാ, പീടികയിൽ
2. ജോസ് ചാമക്കാലായിൽ കോറെപ്പിസ്കോപ്പാ
3. ഫാ. ഷാജി മാണികുളം
4. ഫാ. ഗീവർഗീസ് ചേടിയത്ത്
5. ഫാ. സെബാസ്റ്റ്യൻ, ആമ്പശ്ശേരിൽ
6. ഫാ. ഡാനിയേൽ, കുളങ്ങര
7. ഫാ. ജോൺസൺ, പുതുവേലിൽ
8. ഫാ. ജസ്റ്റിൻ, കോന്നാത്തുവിള
9. ഫാ. ടോം കണ്ണംന്താനം കപ്പൂചിൻ
10. ഫാ. തോമസ് പടിപ്പുര കപ്പൂച്ചിൻ

**ഇടവകയിൽ സേവനമനുഷ്ഠിച്ച സിസ്റ്റേഴ്സ്**

1. സി. തമീം എസ്.ഐ.സി
2. സി. യസേബിയ എസ്.ഐ.സി
3. സി. പൂജ എസ്.ഐ.സി

**ഇടവകയിലെ ദൈവവിളി**

1. ഫാ.പ്ലാസിഡ് ഒ.ഐ.സി
2. സി. സുധ എസ്.ഐ.സി, മാവേലിതുണ്ടിയിൽ

3. ഫാ. ഏബ്രഹാം, ചിറത്തലയ്ക്കൽ ഒ.ഐ.സി

4. ശെമ്മാശൻ സുബിൻ ബാബു, കളീയ്ക്കൽ

5. സി. അൽഫോൻസാ ജോസഫ്, പടിഞ്ഞാറ്റിൻകര

6. ബ്ര. ജസ്വിൻ ജോയി, പുതുപ്പറമ്പിൽ

**സണ്ടേസ്കൂൾ**

1933 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ മതബോധനത്തിന് പ്രത്യേകം പ്രാധാന്യം നല്കിയിരുന്നു. സണ്ടേസ്കൂളിന്റെ ആദ്യകാല പ്രവർത്തകരായിരുന്നു ശ്രീ.ഏബ്രഹാം മാവേലിതുണ്ടിയിൽ, ശ്രീ.ഏബ്രഹാം ചല്ലരിക്കൽ, ശ്രീ.ഫീലിപ്പോസ് തോമസ് കുഴിക്കാലവയലിൽ, ശ്രീ.തോമസ് മാത്യു കളീയ്ക്കൽ, ശ്രീമതി റോസമ്മ കളീയ്ക്കൽ, ശ്രീമതി ഏലിയാമ്മ കളീയ്ക്കൽ, ശ്രീ.സാമുവേൽ പടിഞ്ഞാറ്റിൻകര എന്നിവർ സ്മരമണിയരാണ്. 1961-ലാണ് സണ്ടേസ്കൂൾ പ്രവർത്തനം സംഘടിതമായ നിലയിൽ ഈ ഇടവകയിൽ ആരംഭിച്ചത്. ഈ കാലയളവു മുതൽ പ്രഥമാധ്യാപകരായി ശ്രീ.ഏബ്രഹാം മാവേലിതുണ്ടിയിൽ, ശ്രീ.ഏബ്രഹാം ചല്ലരിക്കൽ, ശ്രീ.ഏബ്രഹാം കളീയ്ക്കൽ, ശ്രീ.ജോൺ വല്ല്യാന്റുപറമ്പിൽ, ശ്രീ.തോമസ് ഏബ്രഹാം മാവേലിതുണ്ടിയിൽ, ശ്രീ.റെജി പടിഞ്ഞാറ്റിൻകര, ശ്രീ.ജോസഫ് പടിഞ്ഞാറ്റിൻകര എന്നിവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു പോകുന്നു. താഴെപ്പറയുന്ന അധ്യാപകരെ ദീർഘകാല സേവനത്തിന് അതിരൂപതാ തലത്തിലും രൂപതാതലത്തിലും അവാർഡുകൾ നല്കി ആദരിച്ചു.

1. ശ്രീ.എം.എം.സാമുവേൽ, പടിഞ്ഞാറ്റിൻകര

2. ശ്രീ.ബേബി ഡാനിയേൽ, തലക്കോട്ട്

3. ശ്രീ.വി.കെ.സാമുവേൽ, ചിറത്തലയ്ക്കൽ

4. ശ്രീമതി മറിയാമ്മ ബേബി, പുത്തൻചിറയിൽ

5. ശ്രീ.തോമസ് ഏബ്രഹാം, മാവേലിതുണ്ടിയിൽ

6. ശ്രീ. എം.എം. ജോസഫ്, പടിഞ്ഞാറ്റിൻകര

**ദൈവാലയ നിർമ്മാണം**

1984-ൽ വാഴപ്പിള്ളേത്ത് അച്ചന്റെ നേതൃത്വത്തിൽ പള്ളിപണി സംരഭത്തിൽ അരമനയോട് ചേർന്നു നിന്നുകൊണ്ട് പണി ആരംഭിച്ചു. നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ട് സമയത്ത് നമ്മളെ സഹായിച്ച ജർമ്മൻകാരായ ഫ്രാങ്ക് ജെ.സുള്ളിവാൻ മിസിസ് ഹെലൻ ജെ സുള്ളിവാൻ എന്നിവരുടെ സഹായവും നമ്മുടെ നല്ലവരായ ഇടവകാംഗങ്ങൾ അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ വകവയ്ക്കാതെ പോലും അവരുടെ കഴിവിനപ്പുറമായി സാമ്പത്തികമായും ശാരീരികമായും കഷ്ടപ്പെട്ട് അന്നത്തെ വികാരിയായിരുന്ന ഫാ.മാത്യു വാഴപ്പിള്ളേത്തിന്റെ നേതൃത്വത്തിൽ പണി പൂർത്തീകരിച്ചു. ദൈവകൃപയാൽ 1984 ഡിസംബർ 8-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്ത് നല്കി.

**സെമിത്തേരി**

മേക്കൊഴൂർ കത്തോലിക്കാ ദൈവാലയത്തിന്റെ ചരിത്രത്തിൽ അവസ്മരണിയമായ ഒരു സംഭവമാണ് സെമിത്തേരി പ്രശ്നം. 1957-നു മുമ്പ് ഈ ദൈവാലയത്തിന് സ്വന്തമായി സെമിത്തേരി ഉണ്ടായിരുന്നില്ല. കോട്ടേക്കാവനാൽ തോമസിന്റെ ഭാര്യ ശോശാമ്മയുടെ ശവസംസ്കാരം കടമ്മനിട്ട കത്തോലിക്കാ ദൈവാലയ സെമിത്തേരിയിലാണ് അടക്കം ചെയ്തത്. ഇതിനു പരിഹാരം കാണാൻ ഫാ.തോമസ് പ്ലാവിളയിൽ

ദൈവാലയത്തോടു ചേർന്ന് സെമിത്തേരിയ്ക്ക് സ്ഥലം നിശ്ചയിച്ചു. 1957 സെപ്റ്റംബർ 23-ാം തീയതി കളീയ്ക്കൽ ദാവീദിന്റെ ഭാര്യ അച്ചാമ്മയുടെ മൃതദേഹം ഈ സെമിത്തേരിയിൽ അടക്കം ചെയ്തു. 1958 സെപ്റ്റംബർ 26-ാം തീയതി കളീയ്ക്കൽ കെ.വി.മത്തായിയുടെ മാതാവ് ശ്രീമതി അന്നമ്മയുടെ ശവസംസ്കാരം നടത്തി. ഈ രണ്ടു ശവസംസ്കാര വേളകളിലും സമീപവാസികളുടെ പ്രതിഷേധം ഉണ്ടായിരുന്നു. ശവസംസ്കാരശുശ്രൂഷാ വേളകളിൽ സമീപവാസികളിൽ നിന്നുണ്ടായ എതിർപ്പുകളെ വളരെ തന്റേടത്തോടും ആത്മസമർപ്പണത്തോടും കൂടി തരണം ചെയ്ത് കുര്യൻ ഇലഞ്ഞിമറ്റം അച്ചനാണ്. തിരുവനന്തപുരത്തു നിന്നും ഈ പ്രശ്ന പരിഹാരത്തിനുവേണ്ടി ഗ്രീഗോറിയോസ് പിതാവ് അയച്ചതായിരുന്നു. മേക്കൊഴൂർ ഇടവകയ്ക്ക് ഒരിക്കലും മറക്കാനാകാത്ത വൈദീകരിൽ ഒരാളാണ്. 1999 ഫെബ്രുവരി 15-ാം തീയതി ഫാ.ജോസഫ് പുത്തൻകളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മറ്റിയിലാണ് സെല്ലാർ പണിയെപ്പറ്റി തീരുമാനിക്കുകയും പൊതുയോഗം അത് അംഗീകരിക്കുകയും ചെയ്തു. ട്രസ്റ്റി തോമസ് ഏബ്രഹാം, സെക്രട്ടറി റെജി.പി.സാം ആണ്. സെല്ലാർ പണി പൂർത്തീ

കരിക്കാൻ നേതൃത്വം നല്കിയത്.

**ജൂബിലി വർഷങ്ങൾ**

**1. ഗോൾഡൻ ജൂബിലി – 1984 ഡിസംബർ 08** - 1983-1984 സാമ്പത്തിക വർഷം മാത്യു വാഴപ്പിള്ളേത്ത് അച്ചന്റെ കാലയളവിൽ ദൈവാലയത്തിന്റെ കൂദാശയും ഗോൾഡൻ ജൂബിലി ആഘോഷങ്ങളും സമഗ്രമായി ആഘോഷിച്ചു. ജൂബിലിയാഘോഷത്തിൽ മുഖ്യാതിഥി തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവായിരുന്നു.

**2. പ്ലാറ്റിനം ജൂബിലി – 2008 മാർച്ച് 09 –** മാത്യു പുത്തൻപുരയ്ക്കൽ അച്ചന്റെ കാലയളവിൽ 2007-2008 സാമ്പത്തിക വർഷം ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. മുഖ്യാതിഥി അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയായിരുന്നു.

**ഭവന നിർമ്മാണം**

1. വാഴപ്പിള്ളേത്ത് അച്ചന്റെ കാലയളവിൽ എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ ഒരു ഭവനം നിർമ്മിച്ച് നല്കി.

2. 2007 ൽ ജോൺ ജി വടക്കേപ്പുറം അച്ചന്റെ നേതൃത്വത്തിൽ ഒരു ഭവനം നിർമ്മിച്ചു നല്കി.

**കുരിശടി**

1988-ൽ വികാരിയായിരുന്ന തോമസ് പൊന്മേലിൽ അച്ചന്റെ കാലയളവിൽ കടമ്മനിട്ട കത്തോലിക്കാ ഇടവകാംഗങ്ങളായ കാട്ടുകല്ലിൽ പരേതനായ ശ്രീ.കെ.സി.ജോർജ്ജിന്റെ സഹധർമ്മിണി അമ്മിണി ജോർജ്ജ് സംഭാവനയായി 23.12.1988-ൽ പണികഴിപ്പിച്ച് തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് കൂദാശ കർമ്മം നിർവഹിച്ചു.

**വൈദിക മന്ദിരം**

2009 മാർച്ച് 17-ന് തോമസ് മരോട്ടിമൂട്ടിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയമീറ്റിംഗിൽ പഴയ ചാപ്പൽ പൊളിക്കുവാനും അവിടെയൊരു വൈദിക മന്ദിരം പണിയുവാനും തീരുമാനിച്ചു. 07.12.2009-ൽ തോമസ് മരോട്ടിമൂട്ടിൽ അച്ചന്റെ കാലയളവിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കല്ലിടീൽ കർമ്മം നിർവ്വഹിക്കുകയും 2010-ൽ ഫാ.ജോർജ്ജ് കപ്പൂച്ചിൻ അച്ചന്റെ നേതൃത്വത്തിൽ പണി പൂർത്തീകരിച്ച് 2011

ജനുവരി 22-ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്തു.

**പ്രാർത്ഥനായോഗങ്ങൾ**

ആരംഭകാലത്ത് ഈ ഇടവകയിലെ ഭവനങ്ങളെ രണ്ട് പ്രാർത്ഥനായോഗങ്ങളായി വിഭജിച്ചിരുന്നു. ഭവനങ്ങൾ തമ്മിലുള്ള ബന്ധവും സഹകരണവും വളർത്തുന്നതിനും ഫലപ്രദമായ കൂട്ടായ്മയും പുലർത്തുന്നതിനും ഇവ ഉപകരിക്കുന്നു. പിന്നീട് കുടുംബങ്ങളുടെ എണ്ണം കൂടിയതിനാൽ കുടുംബങ്ങളെ മൂന്നായി തിരിച്ച് സെന്റ് പോൾസ് പ്രാർത്ഥനായോഗം, സെന്റ് തോമസ് പ്രാർത്ഥനായോഗം, സെന്റ് മേരീസ് പ്രാർത്ഥനായോഗം എന്നി പേരുകളിൽ നടത്തി വരുന്നു.

എം.സി.വൈ.എം, എം.സി.എ, മാതൃവേദി, വിൻസന്റ് ഡി പോൾ, കെ.സി.എസ്.എൽ എന്നിവയുടെ യൂണിറ്റുകൾ ഇടവകയിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. ലീജിയൻ ഓഫ് മേരി ആദ്യകാലങ്ങളിൽ ഇടവകയിൽ സജീവമായി പ്രവർത്തിച്ചിരുന്നു.

**ഫാമിലി മീറ്റ് – 2019 ആഗസ്റ്റ് 14 – 17**

ബഥനി സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 14-ാം തീയതി വൈകിട്ടു മുതൽ 17-ാം തീയതി വൈകിട്ടു വരെ നമ്മുടെ ഇടവകയിൽ താമസിച്ച് എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഒരു വലിയ അനുഭവമായിരുന്നു.

**അജപാലന സന്ദർശനം**

2019-ൽ ആഗസ്റ്റ് 24-25 തീയതികളിൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് പിതവ് നമ്മുടെ ഇടവക സന്ദർശിച്ചു. കമ്മറ്റിയംഗങ്ങളെയും സംഘടനാ ഭാരവാഹികളെയും കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. രോഗികൾ, ദൈവവിളികളുള്ള ഭവനങ്ങൾ പ്രായാധിക്യത്തിലുള്ളവരുടെ ഭവനങ്ങൾ എന്നിവ പിതാവ് സന്ദർശിച്ചു. ഏവർക്കും അത് ഒരിക്കലും മറക്കാൻസാധിക്കാത്ത അനുഭവമാണ്.

**അടിസ്ഥാന ശിലാ പ്രയാണം**

പുതിയ ദൈവാലയ നിർമ്മാണത്തിന്റെ മുന്നോടിയായി 2019 ആഗസ്റ്റ് 28-ാം തീയതി ബുധനാഴ്ച രാവിലെ 9.30-ന് പെരുനാട് കുരിശുമല ദൈവാലയത്തിൽവച്ച് പത്തനംതിട്ട ജില്ലാവികാരി ഫാ. എബ്രഹാം മണ്ണിൽ, ഫാ.വർഗീസ് കാലായിൽ വടക്കേതിൽ, ഫാ.വർഗീസ് ചാമക്കാലായിൽ എന്നിവരുടെ കാർമ്മികത്വത്തിൽ വി.കുർബാന അർപ്പിക്കുകയും തുടർന്ന് 10.30-ന് നിരവധി വാഹനങ്ങളുടെ അകമ്പടിയോടു കൂടി ശിലാപ്രയാണയാത്ര ആരംഭിച്ചു. വടശ്ശേരിക്കര, കുമ്പ്ളാംപൊയ്ക, ഉതിമൂട് ഗ്രോട്ടോ വഴി കടമ്മനിട്ട കുരിശ്ശടി പത്തനംതിട്ട കത്തീഡ്രൽ, മൈലപ്ര തിരുഹൃദയ ദൈവാലയം, മൈലപ്ര വഴി 3.30 ന് ദൈവാലയത്തിൽ എത്തിച്ചേർന്നു.

**ദൈവാലയ പുനർനിർമ്മാണം**

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽ തന്നെ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ദൈവാലയമാണ് മേക്കൊഴൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം. ഏതാനും കുടുംബങ്ങൾ ചേർന്ന് ആരംഭിച്ച ഈ ദൈവാലയത്തിൽ ഇന്ന് 82 കുടുംബങ്ങൾ ഉണ്ട്. 1984-ൽ കൂദാശ ചെയ്യപ്പെട്ട നിലവിലുള്ള ദൈവാലയത്തിൽ ഇന്ന് ഇടവകാംഗങ്ങൾക്ക് ശുശ്രൂഷ കർമ്മത്തിൽ സംബന്ധിക്കുവാൻ ആവശ്യത്തിനുള്ളയിടം ഇല്ലാത്തതിനാലാണ് നിലവിലുള്ള ദൈവാലയം പൊളിച്ച് പുതിയ ദൈവാലയം നിർമ്മിക്കാൻ ആഗ്രഹിക്കുന്നത്.

25.08.2019-ൽ വൈദിക മന്ദിരത്തിന്റെ മുകൾ ഭാഗത്ത് മദ്ബഹായുടെ ക്രമീകരണങ്ങൾ നടത്തി. താല്ക്കാലിക ചാപ്പൽ കൂദാശ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് 2019 ആഗസ്റ്റ് 25-ാം തീയതി നിർവഹിക്കുകയും പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം 2019 സെപ്റ്റംബർ 08-ന് നടത്തുകയും ചെയ്തു. 26.08.2019-ൽ പഴയ പള്ളിയുടെ കുരിശ് മുകളിൽ നിന്നും താഴെയിറക്കി പള്ളി പൊളിക്കുകയും ചെയ്തു.